# കേരളീയം-വി.കെ. മാധവൻകുട്ടി മാധ്യമ പുരസ്കാരം 2017

## (പത്രസമ്മേളനം, തിരുവനന്തപുരം, date.12.02.2018)

തിരുവനന്തപുരം: ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ്-കേരളീയം സ്ഥാപക പ്രസിഡൻറും പ്രശസ്ത മാധ്യമപ്രവർത്തകനുമായിരുന്ന വി.കെ. മാധവൻകുട്ടിയുടെ സ്മരണാർത്ഥം ഓരോ വർഷവും അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെയ്ക്കുന്നവർക്കായി കേരളീയം അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 30001 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സാമൂഹ്യപ്രതിബദ്ധത വിഷയമാക്കിയ റിപ്പോർട്ടുകളാണ് അവാർഡുകൾക്കുള്ള എൻട്രികളായി ക്ഷണിച്ചിരുന്നത്. ഈ എൻട്രികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവ ഈ വർഷത്തെ അവാർഡുകൾക്കായി പ്രഖ്യാപിക്കുന്നു.

ദൃശ്യമാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടിനുള്ള അവാർഡ് **മാതൃഭൂമി ന്യൂസ് ചാനലിലെ ഇ.വി. ഉണ്ണികൃഷ്ണൻ കരസ്ഥമാക്കി.** മാതൃഭൂമി ന്യൂസ് കാസർഗോഡ് ബ്യൂറോയിലെ ചീഫ് റിപ്പോർട്ടറാണ് ഉണ്ണികൃഷ്ണൻ. 2017 മാർച്ച് 29-ന് മാതൃഭൂമി ന്യൂസിൽ സംപ്രേഷണം ചെയ്ത "തളരുന്ന കായലും തകരുന്ന ജീവിതവും" എന്ന കവ്വായി കായലിനെ ആസ്പദമാക്കി തയ്യാറാക്കിയ റിപ്പോർട്ടാണ് ഉണ്ണികൃഷ്ണനെ അവാർഡിനർഹനാക്കിയത്. കായൽ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കായലിൻെറ നിശബ്ദ മരണവും ചാരുതയാർന്ന ദൃശ്യ വിന്യാസത്തോടെ ഉണ്ണികൃഷ്ണൻ അവതരിപ്പിച്ചിരിക്കുന്നതായി ജൂറി വിലയിരുത്തി. ദൃശ്യമാധ്യമ അവാർഡിനായി 14 എൻട്രികളാണ് ലഭിച്ചത്.

അച്ചടി മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടിനുള്ള അവാർഡ് **കേരളാകൗമുദി ന്യൂസ് എഡിറ്റർ വി.എസ്. രാജേഷ് കരസ്ഥമാക്കി.** 2017 ജനുവരി 23 മുതൽ 28 വരെ കേരളാകൗമുദിയിൽ പ്രസിദ്ധീകരിച്ച "ജീവൻ രക്ഷയിലും കച്ചവടം" എന്ന പരമ്പരയാണ് രാജേഷിനെ അവാർഡിനർഹനാക്കിയത്. ആധുനിക ചികിത്സാ രംഗത്തെ ദുഷ്പ്രവണതകളുടെ സത്യസന്ധമായ നേർക്കാഴ്ച്ചകളാണ് ഈ വാർത്താ പരമ്പരയിൽ അവതരിപ്പിച്ചിരിക്കുന്നത്. ലേഖകൻെറ ഉയർന്ന സാമൂഹിക പ്രതിബദ്ധത ഈ പരമ്പരയിൽ പ്രതിഫലിക്കുന്നതായി ജൂറി വിലയിരുത്തി. അച്ചടിമാധ്യമ അവാർഡിനായി 26 എൻട്രികളാണ് ലഭിച്ചത്.

മുൻ അംബാസിഡറും എൻ.എസ്.എസ്. സിവിൽ സർവ്വീസ് അക്കാദമി ഡയറക്ടറുമായ ശ്രീ. ടി.പി. ശ്രീനിവാസൻ ഐ.എഫ്.എസ് (റിട്ട.) ചെയർമാനും ശ്രീ. എസ്. ആർ. ശക്തിധരൻ (മുൻ ചെയർമാൻ, കേരളാ പ്രസ്സ് അക്കാദമി) മെംബർ സെക്രട്ടറിയും ശ്രീ. കെ.ജി. പരമേശ്വരൻ നായർ (മുതിർന്ന മാധ്യമ പ്രവർത്തകൻ), ശ്രീ. സണ്ണിക്കുട്ടി എബ്രഹാം (മുതിർന്ന മാധ്യമ പ്രവർത്തകൻ), ശ്രീ. എം.ജി. രാധാകൃഷ്ണൻ (എഡിറ്റർ-ഇൻ-ചീഫ്, ഏഷ്യാനെറ്റ് ന്യൂസ്) എന്നിവർ അംഗങ്ങളുമായ വിധി നിർണ്ണയസമിതിയാണ് അവാർഡ് തീരുമാനിച്ചത്.

മാർച്ച് 13 ചൊവ്വാഴ്ച്ച വൈകുന്നേരം തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിലെ ടി.എൻ.ജി. ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ബഹു: മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ അവാർഡുകൾ സമ്മാനിക്കും.

എസ്. ആർ. ശക്തിധരൻ
മെംബർ സെക്രട്ടറി
അവാർഡ്നിർണ്ണയസമിതി